KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

SCHOOL KALOLSAVAM PROGRAMME COMMITTEE

Code No. 114

# കാംബോജിയ്ക്കും അപ്പുറം

ഇളം കാപ്പി നിറത്തിൽ, തടിച്ച് ഇരുണ്ട ഒരു കരടിക്കുട്ടന്റെ പാവയാണ് ഞാൻ അവസാനമായി എടുത്തുവെച്ചത്. അതിന്റെ കഴുത്തിലെ ചുവന്ന പട്ട് തെളിഞ്ഞ നിലാവിൽ ചെറുതായി തിളങ്ങുന്നുണ്ട്. ഫോട്ടോഗ്രാഫുകൾ, പലരുമൊത്തുള്ള ഫോട്ടോകൾ, പ്രിയപ്പെട്ട പുസ്തകങ്ങൾ.... ഓർമകളാണല്ലോ പണത്തിനേക്കാളും പ്രധാനം. 'ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' അലമാരയിലെ ചില്ലിന പിറകിൽ നിന്നും ഞാൻ പുറത്തെടുത്തു. ആദ്യത്തെ പേജിൽ, ചതുരവടിവിലെ അക്ഷരങ്ങളിൽ കറുത്ത മഷികൊണ്ട്, സ്നേഹപൂർവം അമ്മ എന്ന് എഴുതിയിരുന്നു. എനിക്കോർമയുണ്ട്, എന്റെ പതിനൊന്നാം പിറന്നാളിന് അമ്മ തന്നതാണാ പുസ്തകം. 'നാലുകെട്ടി'ന്റെ ഒന്നാം പേജിൽ അച്ഛന്റെ നീണ്ട ഒപ്പ്. പത്തിൽ പഠിക്കുമ്പോഴാണ് അച്ഛനത് തന്നത്. ഇപ്പോൾ ഇട്ടിരിക്കുന്നയീ ഇളം നീല ചുരിദാർ കഴിഞ്ഞ പിറന്നാളിന് രണ്ട് പേരും കൂടി വാങ്ങിത്ത

Scanned by CamScanner

KERALA SCHOOL KALOLSAVAM-2011 PROGRAMME COMMITTEE



ന്നതാണ്. എവിടെത്തിരിഞ്ഞാലും അച്ഛനും അമ്മയും മാത്രമാണല്ലോ. പക്ഷേ അവനവിടെ കാത്തിരിക്കുകയാണ്. ഫോണെടുത്ത് ഒന്ന് വിളിച്ചാൽ മതി. ഇനി ഞങ്ങൾക്കിടയിൽ ഫോൺകമ്പിയുടെ വേലിക്കെട്ടുകളില്ല. പറഞ്ഞ സമയം കഴിഞ്ഞതിനാലാവണം, അവന്റെ മെസ്സേജ് ഫോണിലേക്ക് വീണു. മിസ്ഡ് കോളുകൾ, മെസേജുകൾ അങ്ങനെയൊക്കെയാണ് ഞാനവനെ അറിഞ്ഞത്.

പത്താം ക്ലാസ് കഴിഞ്ഞതിനു ശേഷമുള്ള ഒരു വിഷുവിനാണ് അച്ഛനും അമ്മയും എനിക്ക് ഫോൺ വാങ്ങിത്തന്നത്. എന്നെ അധികമാരും വിളിക്കാത്തതിനാൽ ഇങ്ങോട്ടു വന്ന മിസ്ഡ് കോളുകളിലെ നമ്പറുകളിലേക്കെല്ലാം ഞാൻ തിരികെ വിളിച്ചു. മിക്കപ്പോഴും അതെല്ലാം മറ്റാർക്കെങ്കിലുമുള്ള വിളികളായിരുന്നു. ഒളിച്ചും പൊത്തും കളിക്കുന്ന രസത്തിൽ ഞാനവരെ പറ്റിച്ചു. ഫോണുകളുടെ അകലം നൽകുന്ന സുരക്ഷിതത്വത്തിൽ ഞാനവരോട് എനിക്ക് തോന്നിയതെല്ലാം പറഞ്ഞു.

114

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ആ കളിയിലെ രസം മൂത്ത ഒരു ദിവസ-
മാണ് ഞാനവന്റെ ഫോണിലേക്ക് വിളിച്ചത്.
അന്ന് രാവിലെ എന്റെ ഫോണിലേക്ക് വന്ന
ഏതോ ഒരു പത്തക്ക ഫോൺ നമ്പർ മാത്ര
മായിരുന്നു ആദ്യമെനിക്കവൻ. ഫോണെടു-
ത്തയുടൻ കാംബോജിയിൽ പതിഞ്ഞ ഒരു
പദം കനവുള്ള ഒരു ആൺ ശബ്ദം പാടിത്തു-
ടങ്ങി. ഒന്നും പറയാനാവാതെ ഞാനതിൽ
പഞ്ഞിമിഠായിപോലെ അലിഞ്ഞുപോയി.
അങ്ങേത്തലയ്ക്കൽ വീണയുടെ നേർത്ത
ശബ്ദവും ഞാൻ കേട്ടു. എല്ലാം നിലച്ചതിനു
ശേഷവും നിശബ്ദമായ സംഗീതം ഉയരുന്നുണ്ട്.
"കാർത്തികേ..." എന്റെ പേര് ഇത്രയും മധുര
മായി വിളിക്കാം എന്ന് ഞാനറിഞ്ഞിരുന്നില്ല
ഇതുവരെ. പിന്നെ അവൻ സ്വയം പരിചയ-
പ്പെടുത്തി. ഏതോ ഒരുത്സവത്തിന്റെ വെടി-
ക്കെട്ടിനിടയിൽ എന്നെ ആദ്യമായി കണ്ടതിനെ
കുറിച്ച് പറഞ്ഞു. അന്ന് ഞാനിട്ടിരുന്ന,
ഇളം പച്ചയിൽ വെളുത്ത മയിലുകളും നീല
മയിൽപ്പീലികളുമുള്ള പട്ടുപാവാടയുടെ

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ഞൊറിവുകളുടെ ഉലച്ചിലും കുഞ്ഞു ജിമിക്കി-യുടെ ആട്ടങ്ങളും തിളക്കം മാറാത്ത പാദസരത്തിന്റെ കിലുക്കവും അവനിന്നും ഓർ-ക്കുന്നതായി പറഞ്ഞു. ഇടം കവിളിലെ മറുക് അവനെ മോഹിപ്പിച്ചതായും. അവന്റെ വീണയുടെ താളം എന്റെ ഹൃദയതാളമായി മാറി-യത് നേരിയ അൽഭുതത്തോടെ ഞാനറിഞ്ഞു.

" ദേ, വേണ്ടാതീനൊന്നും കാട്ടണ്ടാട്ടോ. ഇത്പണ്ടെ കണ്ടിറ്റില്ലാത്ത ~~മു~~ മര്യാദക്കൊന്ന് മിണ്ടീറ്റുകൂടില്ലാത്ത അറിയാത്ത ചെക്കൻമാരോട് വർത്താനം പറേണ-ത് പൊട്ടത്തരം തന്ന്യാണേ"; പിറ്റേന്നത് പറ-ഞ്ഞപ്പോൾ ഷാഹിന പറഞ്ഞു. അവളുടെ കറുത്ത തട്ടവും മൈലാഞ്ചിക്കയ്യും കൂട്ടുപുരി-കവും വേണ്ടാവേണ്ടാന്ന് എന്നെ വിലക്കി.

പക്ഷേ, കല്യാണിയും കാംബോജിയും എനിക്ക് ധൈര്യം പകർന്നു. സ്വരഭേദങ്ങളുടെ കയറ്റിറക്കങ്ങളിൽ ഞാൻ ഞാനല്ലാതായി.

ഒരു സ്വാതിതിരുനാൾ കീർത്തനം അവൻ പാടുന്നത് ഞാൻ കേൾക്കുമ്പോൾ

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

അമ്മ അടുത്തുവന്നു. അവന്റെ ശബ്ദം അമ്മ കേട്ടു. പക്ഷേ ഒന്ന് സംശയിക്കുക കൂടി ചെയ്യാതെ അമ്മ എന്നോട് സ്നേഹപൂർവം ചിരിച്ചു. "അച്ഛൻ നിനക്ക് പരിപ്പുവട കൊണ്ട് വന്നിട്ടുണ്ട്. നീ വേഗം വാ ട്ടോ". അമ്മയത് പറഞ്ഞുകഴിഞ്ഞപ്പോൾ എവിടെ നിന്നോ ഒരു സങ്കടം എന്നെ പൊതിഞ്ഞു. അന്ന് തന്നെ ഞാനവനോട് പറഞ്ഞു "നമുക്ക് പോകാം" എങ്ങോട്ടെന്ന് അവൻ ചോദിച്ചില്ല. ഞാൻ പറഞ്ഞുമില്ല. എന്റെ ഫോണിൽ മിസ്ഡ്കോളുകൾ എന്നും വരുന്നത് അച്ഛൻ ശ്രദ്ധിച്ചു. "ആരാ മോളെ എന്നും മിസ്ഡ്കോൾ മാത്രം അടിക്കുന്ന പിശുക്കൻ?" കൺമഷിയിട്ട് കറുപ്പിച്ച മീശകൂടി ഇളക്കി അച്ഛൻ ചിരിച്ചു. സ്നേഹത്തോടെ ഞാൻ അച്ഛനെ കെട്ടിപ്പിടിച്ചു. ഒരു സ്വർണചെമ്പകമായി അവനെന്നിൽ അപ്പോഴും പൂത്തുലഞ്ഞു. ഒടുവിൽ ഞങ്ങൾ തീരുമാനിച്ചു, ഇന്ന്. അതെ, ഇന്ന്. ഇന്നാണ് ഈ വീട്ടിലെ എന്റെ അവസാന രാത്രി.

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

ഇനി ചാരനിറത്തിൽ പച്ചക്കണ്ണുകളുള്ള
എന്റെ സുന്ദരിപ്പൂച്ചയില്ല. കിടപ്പുമുറിയിലൂടെ
ജാലകത്തിനപ്പുറത്തെ ചതുര ആകാശമില്ല.
ഇതുവരെ ചിരിച്ചിട്ടില്ലാത്ത അയൽക്കാരി
വല്ല്യമ്മയില്ല. പറമ്പിന്റെ കിഴക്കേ അതിരായി
അച്ഛനൊപ്പം ഞാൻ നട്ട മൊട്ടുചെമ്പരത്തി-
കളില്ല. അമ്മയുടെ ചീത്തപറച്ചിലുകളും
അച്ഛന്റെ കളിയാക്കലുകളുമില്ല. അല്ല, അച്ഛനും
അമ്മയും ഞാനൊയിനിയില്ലല്ലോ എന്റെ ജീവിത-
ത്തിൽ. എന്റെയുള്ളിൽ ഒരു ചില്ലുപാത്രമു-
ടഞ്ഞു. അതിന്റെ ചീളുകൾ കുത്തിക്കേറി
ഹൃദയം മുറിഞ്ഞു.

ഒരു മിസ്ഡ് കോളിന്റെ അകലത്തിലെ
എനിക്കവനെയറിയൂ. ഇതുവരെ കണ്ടിട്ടില്ല ഞാൻ.
അവൻ ചിരിക്കുന്നതെങ്ങനെ, കണ്ണുകളെങ്ങനെ
കവിണ്ടിയുണ്ടോ എന്നൊന്നും അറിയില്ല. ആ
മിസ്ഡ് കോളിന്റെ ദൂരം കുറവാണെന്ന് ഞാൻ
വിശ്വസിച്ചു. പക്ഷേ ജനിച്ചയന്നുമുതൽ ഞാൻ
അറിയുന്ന രണ്ടുപേർ ഒരു വാതിലിനപ്പുറത്ത്

114

KERALA SCHOOL KALOLSAVAM
PROGRAMME COMMITTEE
2017

ഉറങ്ങിക്കിടക്കുന്നു. അച്ഛനും അമ്മയും
ഉറങ്ങുന്ന മുറിയിലേക്ക് ഞാൻ മിണ്ടാതെ, ശബ്ദ-
മുണ്ടാക്കാതെ കടന്നു ചെന്നു. നടുവേദന
ഉള്ളത് കൊണ്ട് അച്ഛൻ നിലത്താണ് ~~കിടന്ന~~
ക്ക് കിടക്കുന്നത്. ശ്വാസം വലിക്കുന്നസരിച്ച്
ഉയർന്നു താഴുന്ന കുഞ്ഞു കുടവയർ. അച്ഛന്റെ
വയറ്റിൽ കിടന്നുറങ്ങാൻ എനിക്കിഷ്ടമായിരുന്നു.
അമ്മയൊന്ന് തിരിഞ്ഞു കിടന്നു. വിണ്ടുകീറിയ
കാൽപ്പാദങ്ങൾക്കു മുകളിലേക്ക് ഞാൻ കമ്പിളിയി-
ട്ടു കൊടുത്തു. നാല് മണിക്കെണീറ്റ് പഠിക്കു-
മ്പോൾ എനിക്കു മുമ്പേയുണർന്ന് കാപ്പി വെക്കു-
കയും ഞാനുറങ്ങാതിരിക്കാൻ പാതിരാ കഴിഞ്ഞി-
ട്ടും ഉറക്കം തൂങ്ങിക്കൊണ്ട് കൂട്ടിരിക്കുകയും
ചെയ്യുന്ന അമ്മയെ ഞാൻ ഓർത്തു. നടുവേ-
ദന മറന്ന് ~~പുക~~ എനിക്കുവേണ്ടി ബസ്സ് ഓടിപ്പി-
ടിക്കുന്ന അച്ഛനെ ഓർത്തു. ഞങ്ങൾ
മൂവരും ഒന്നിച്ച് നട്ട മഞ്ഞമന്ദാരങ്ങളെയോർ-
ത്തു. ഞാൻ തിരിച്ച് നടന്നു. കരടിക്കുട്ടനെയും
പുസ്തകങ്ങളെയും അലമാരയിൽ തിരികെ വെച്ചു
തുടങ്ങി. ദൂരെ ഒരു കാംബോജി നിശബ്ദതയിൽ വിണ്ടുടഞ്ഞു.